**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് (KEAM 2017) മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2017-ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **ഈ ഘട്ടത്തിൽ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി കോഴ്സുകൾക്കുപുറമെ എം.ബി.ബി.എസ്, ബി.ഡി.എസ്, ആയുർവേദ, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിലേയ്ക്കു കൂടി അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.**

മൂന്നാം ഘട്ട അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം പുതുതായോ, മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായോ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കു അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ്/അധിക തുക **2017 ജൂലൈ 21 മുതൽ 25 വരെ തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (SBI) തെരഞ്ഞെടുത്ത ശാഖകളിലൊന്നിലോ, ഓൺലൈനായോ ഒടുക്കിയശേഷം **25.07.2017 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ട താണ്.

മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കാണ് അലോട്ട്മെന്റ് ലഭിക്കുന്നതെങ്കിൽ വിദ്യാർത്ഥികൾക്ക് ഫീസ് ഒടുക്കുന്നതിനും കോഴ്സ്/കോളേജ്-ൽ പ്രവേശനം നേടുന്നതിനുമുള്ള അവസാന തീയതി **30.07.2017** ആയിരിക്കും.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ കമ്മ്യൂണിറ്റി/ രജിസ്റ്റേർഡ് സൊസൈറ്റി/ രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടയിലേയ്ക്കും സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടയിലേയ്ക്കും മാറ്റിവച്ചിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തിൽ നടത്തിയിട്ടുണ്ട്.

ബഹു: ഹൈക്കോടതി ഉത്തരവിൻ പ്രകാരം ഏതാനും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലെ പുതിയ കോഴ്സുകൾ/അധിക സീറ്റുകൾ എന്നിവയിലേയ്ക്കും ചില സ്വകാര്യ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കും നടത്തിയിട്ടുള്ള അലോട്ട്മെന്റ് താത്കാലികവും ബന്ധപ്പെട്ട റിട്ട് പെറ്റിഷനുകളിന്മേലുള്ള ബഹു: ഹൈക്കോടതി യുടെ അന്തിമ വിധിയ്ക്ക് വിധേയവുമായിരിക്കും.

**കുറിപ്പ്:** മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും എല്ലാ സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ മൂന്നാം ഘട്ടത്തിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/

ആർക്കിടെക്ചർ കോളേജുകളിലേയ്ക്കും സ്വാശ്രയ ഫാർമസി കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2017 ജൂലൈ 25–ാം** തീയതി വൈകുന്നേരം 5 മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കണം. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(c) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായി രിക്കും. കൂടാതെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹത യുണ്ടായിരിക്കുന്നതല്ല.

മൂന്നാം ഘട്ടത്തിനു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകളുടെ ലഭ്യത, 25.07.2017–ന് ശേഷം ഇത്തരം കോളേജുകളിൽ നിന്നും വിടുതൽ നേടുന്ന വിദ്യാർത്ഥികൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് എന്നിവ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ 22.06.2017 ലെ GO(Ms)No. 166/2017/H.Edn, 23.06.2017-ലെ GO(Ms)No. 170/2017/H.Edn, 23.06.2017-ലെ GO(Ms)No.169/2017/H.Edn എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ (കേരള കത്തോലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകൾ ഒഴികെ) പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് 25.07.2017 ന് ശേഷം മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും കോളേജിൽ നിന്നും വിടുതൽ നേടുകയും ചെയ്യുന്ന പക്ഷം അവർ ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ അവർക്ക് കോളേജിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.

25.07.2017–നു ശേഷം സ്വാശ്രയ ഫാർമസി കോളേജുകളിൽ നിന്നും വിടുതൽ നേടുന്ന വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിൽ ലഭ്യമായ GO (Rt) No. 1781/2017/H & FWD dated 27.06.2017, GO (Rt) No. 1814/2017/H & FWD dated 28.06.2017 and GO (Rt) No. 1813/2017/H & FWD dated 28.06.2017 എന്നിവ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.

ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച് വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള പ്രോസ്പെക്ടസിലെയും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**കുറിപ്പ്:**– 1) കാറ്റഗറി സംബന്ധമായി വൈകി ലഭിച്ച സർട്ടിഫിക്കറ്റുകളും പരിഗണിച്ചുകൊണ്ട് **BH, BX, DV, EC, EO, EZ, KN, LA, LG, MU, OE, SC, SD, VA, VK** എന്നീ വിഭാഗങ്ങളിലുള്ള കാറ്റഗറി ലിസ്റ്റുകൾ പുതുക്കിയിട്ടുണ്ട്. പുതുക്കിയ കാറ്റഗറി ലിസ്റ്റുകളുടെ അടിസ്ഥാനത്തിലാണ് അലോട്ട്മെന്റ് നടത്തിയിട്ടുള്ളത്. പുതുക്കിയ കാറ്റഗറി ലിസ്റ്റുകൾ മേൽ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

2) വെറ്ററിനറി കോഴ്സിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കുള്ള പ്രത്യേക സംവരണ സീറ്റുകളിലേയ്ക്ക് ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തിയിട്ടില്ല. പ്രസ്തുത കാറ്റഗറി ലിസ്റ്റ് സംബന്ധിച്ച അപാകതകൾ പരിഹരിച്ച ശേഷം തുടർന്നുള്ള ഘട്ടത്തിൽ ഈ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
20.07.2017